A.K.G. CENTRE FOR RESEARCH & STUDIES
Palayam, Thiruvananthapuram -34, Kerala, India

**4th International Congress on Kerala Studies 2016**

Phone: 0471-2305731, 2774500 Fax: 2307141 e-mail: akgcentre2014@gmail.com

തീയതി: 02-01-2016

പ്രസിദ്ധീകരണത്തിന്

# കേരള പഠന കോൺഗ്രസ്

# ഗ്രന്ഥശാലകളുടെ നേതൃത്വത്തിൽ സമ്പൂർണ്ണവായന പ്രസ്ഥാനത്തിന് രൂപം നൽകണം

തിരുവനന്തപുരം: ഗ്രന്ഥശാലകളുടെ നേതൃത്വത്തിൽ സമ്പൂർണ്ണവായന പ്രസ്ഥാനത്തിന് രൂപം നൽകണമെന്ന് നാലാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് രേഖ.

ഗ്രന്ഥശാലാ പ്രസ്ഥനത്തിന്റെ സുവർണ്ണനാളുകളിൽ ഗ്രന്ഥശാലകൾ സാംസ്കാരികമായ പൊതുമണ്ഡലങ്ങളായാണ് പ്രവർത്തിച്ചത്. ജാതി-മത സാമുദായിക വേർതിരിവില്ലാതെ മതേതരമായ ഒരു പൊതുമണ്ഡലം സംസ്ഥാനത്ത് സൃഷ്ടിച്ചതിൽ ഗ്രന്ഥശാലകൾ സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രന്ഥശാലകളുടെ നേതൃത്വത്തിൽ കേരളത്തിൽ രൂപംകൊണ്ട പൊതുമണ്ഡലം ഇന്ന് വലിയ വെല്ലുവിളികളെ നേരിടുകയാണ്. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് സാംസ്കാരിക രംഗത്തെ സജീവമാക്കാനും യുവാക്കളെ ഇതിലേയ്ക്ക് ആകർഷിക്കാനും ഗ്രന്ഥശാലകൾക്ക് കഴിയും. സമീപകാലത്ത് കേരളീയ സമൂഹത്തിൽ സാമുദായിക വർഗീയ ചേരിതിരിവ് സൃഷ്ടിക്കാൻ ചില ശക്തികൾ ബോധപൂർവ്വം നടത്തുന്ന ശ്രമങ്ങളെ പ്രതിരോധിക്കാൻ സമ്പൂർണ്ണവായനാ പ്രസ്ഥാനത്തിന് കഴിയണമെന്നും രേഖ ചൂണ്ടിക്കാട്ടുന്നു.

പഠന കോൺഗ്രസ്സിന്റെ രണ്ടാം ദിവസം (ജനുവരി 10) നടക്കുന്ന 'വർഗ്ഗീയതയ്ക്കെതിരായ സാംസ്കാരിക ഐക്യം' എന്ന സിമ്പോസിയത്തിൽ എം.എ ബേബി, എൻ.എസ് മാധവൻ, ബേബി ജോൺ, ഷാജി എൻ കരുൺ, ഏഴാച്ചേരി രാമചന്ദ്രൻ, ബി. ഉണ്ണികൃഷ്ണൻ, ലെനിൻ രാജേന്ദ്രൻ, കെ.ജി പൗലോസ്, കെ.കെ ഷാഹിന തുടങ്ങിയവർ പങ്കെടുക്കുന്നു.

ഗ്രന്ഥശാല പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയും സാംസ്കാരിക ഇടനാഴികൾ സൃഷ്ടിച്ചും കേരളത്തിൽ നഷ്ടമായിക്കൊണ്ടിരിക്കുന്ന പൊതുമണ്ഡലത്തെ വീണ്ടെടുക്കണം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ പുസ്തകപ്രസാധന സ്ഥാപനമെന്നതി

ലുപരി ഭാഷയുടെ സാങ്കേതികവിദ്യാവികസനത്തിനുള്ള കേന്ദ്രമായിക്കൂടി മാറ്റണം. ഇതിനായി മലയാള സർവകലാശാലയുമായും സംസ്ഥാന സർക്കാരിന്റെ കീഴിൽ വിവരസാങ്കേതികവിദ്യാവികസനത്തിന് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുമായും സഹകരിപ്പിച്ച് പ്രവർത്തിപ്പിക്കാൻ കഴിയണം. മലയാള ഭാഷാ കമ്പ്യൂട്ടിങിന്റെ പ്രശ്നങ്ങളും സാധ്യതകളും ചർച്ച ചെയ്യുന്ന ഒരു പ്രത്യേക സെഷൻ തന്നെ പഠന കോൺഗ്രസ്സിലുണ്ടാകും.

കേരള സാഹിത്യ അക്കാദമിയെ കേന്ദ്ര സാഹിത്യ അക്കാദമിയുടെ മാതൃകയിൽ പുനസംഘടിപ്പിക്കണം. പ്രാദേശിക സാഹിത്യ സമിതികൾക്ക് അക്കാദമി ഗ്രാന്റ് നൽകണം. സാഹിത്യകാരൻമാർക്ക് ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കണം. ഇന്ത്യൻ ഭാഷകളിലെ ആദാന-പ്രദാനം ശക്തിപ്പെടുത്തണം. സർവകലാശാലകളുടെ നേതൃത്വത്തിൽ സാംസ്കാരിക പഠനത്തിന്റെ ഭാഗമായി മാധ്യമപഠന ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങണം. മ്യൂസിയങ്ങളെ അധിനിവേശ സംസ്കാരത്തിന്റെ ശേഷിപ്പുകൾ മാത്രമെന്ന നിലയിൽ നിന്നും ജനായത്ത സംസ്കാരത്തിന്റെ ഇരിപ്പിടങ്ങളാക്കി മാറ്റേണ്ടതാണ്. സ്കൂളുകളിൽ കലാ-സംഗീത പഠനത്തിന് പ്രത്യേകം പ്രാധാന്യം നൽകണം. പഞ്ചവൽസര പദ്ധതികൾ കലയ്ക്കും സംസ്കാരത്തിനും ഇന്ന് നീക്കിവച്ചിട്ടുള്ള വിഹിതത്തിൽ കാര്യമായ വർദ്ധനവ് വരുത്തേണ്ടതാണെന്നും രേഖ ചൂണ്ടിക്കാട്ടുന്നു.